**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3337** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂളുകളിൽ നിലവിലുള്ള ഇംഗ്ലീഷ് അധ്യാപക തസ്തികകളുടെ എണ്ണം, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഇംഗ്ലീഷ് അധ്യാപകരുടെ എണ്ണം , നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഇംഗ്ലീഷ് അധ്യാപക തസ്തികളുടെ എണ്ണം എന്നിവ എത്ര വീതമാണെന്ന് ഇനം തിരിച്ച് അറിയിക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; | (ബി) | കോർ വിഷയങ്ങളുടെ കൂടെ കൂട്ടി 07-01-2002 ലെ സർക്കാർ ഉത്തരവ്(കൈ)നം. 11/2002/പൊ.വി.വ പ്രകാരമാണ് തസ്തികകൾ അനുവദിക്കുന്നത്. |
| (സി) | ഇംഗ്ലീഷിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദവും ബി. എഡും ഇല്ലാതെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | ഹൈസ്കൂളിൽ ഇംഗ്ലീഷ് അധ്യാപകരെ പ്രത്യേകം നിയമിക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (ഡി) | ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018 മേൽ 10/08/2021 ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹു. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന / കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ |

| | | | |
|---|---|---|---|
| | | | (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ഇ) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ചട്ടങ്ങൾ പാലിച്ച് നിയമനം നടത്തുന്നതിന് തടസ്സമൊന്നും നിലനിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയുടെ വിവരങ്ങൾ | | | |
|---|---|---|---|
| ജില്ല | നിലവിലുള്ള ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയുടെ എണ്ണം | നിലവിൽ സേവനമനുഷ്ഠിക്കുന്ന ഇംഗ്ലീഷ് അദ്ധ്യാപകരുടെ എണ്ണം | നിലവിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപകരുടെ എണ്ണം |
| തിരുവനന്തപുരം | 232 | 215 | 17 |
| കൊല്ലം | 160 | 156 | 4 |
| പത്തനംതിട്ട | 113 | 113 | 0 |
| ആലപ്പുഴ | 70 | 66 | 4 |
| കോട്ടയം | 15 (ഇതിൽ ഒരു തസ്തിക മോഡൽ റസിഡൻഷ്യൽ സ്കൂൾ ഏറ്റുമാനൂരിലേതാണ്) | 31 (തസ്തിക നഷ്ടപ്പെട്ട് സംരക്ഷിച്ച് നിലനിർത്തിയിരിക്കുന്ന അധ്യാപകരുടെ എണ്ണം 16. ഇവരിൽ 3 പേർ അന്യത്ര സേവനത്തിൽ തുടരുന്നു). | 0 |
| ഇടുക്കി | 35 | 31 | 4 |
| എറണാകുളം | 46 | 56 (10 പേർ ക്ലബ്ബിംഗിൽ തുടരുന്നു) | 0 |
| തൃശ്ശൂർ | 122 | 115 | 7 |
| പാലക്കാട് | 258 | 249 | 9 |
| മലപ്പുറം | 439 | 422 | 17 |
| കോഴിക്കോട് | 247 | 242 | 5 |
| വയനാട് | 104 | 95 | 9 |
| കണ്ണൂർ | 179 | 177 | 2 |
| കാസറഗോഡ് | 156 | 150 | 6 |
| ആകെ | 2176 | 2118 | 84 |

സെക്ഷൻ ഓഫീസർ